# 48/2019-M

**ചോദ്യ പുസ്തക അക്ഷര കോഡ്** **A**

**ചോദ്യ പുസ്തക ക്രമ നമ്പർ**

**ചോദ്യങ്ങളുടെ ആകെ എണ്ണം : 100** **സമയം : 75 മിനിട്ട്**

**പരമാവധി മാർക്ക് : 100**

## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യ പുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യ പുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യ പുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യ പുസ്തക ക്രമനമ്പർ പുറംചട്ടയുടെ വലതുവശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമ നമ്പർ ഇല്ലാത്ത ചോദ്യ പുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യ പുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യ ഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല; അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യ പുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസ്സിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും, **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ.എം.ആർ.ഉത്തരക്കടലാസ്സിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷാ സമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

**Total Marks : 100 Marks**

**Time : 1 hour and 15 minutes**

**1.** ഒരു സംഖ്യയുടെ 8% 72 ആയാൽ ആ സംഖ്യയുടെ 10% എത്ര ?

(A) 74 (B) 82
(C) 90 (D) 92

**2.** 1 + 3 + 5 + .... + 25 എത്ര ?

(A) 196 (B) 169
(C) 625 (D) 144

**3.** A : B = 2 : 3, B : C = 4 : 3 ആയാൽ A : B : C എന്ത് ?

(A) 8 : 12 : 9 (B) 2 : 7 : 3
(C) 2 : 12 : 3 (D) 6 : 9 : 20

**4.** ഒരു ഗോളത്തിന്റെ വ്യാപ്തം 36π ഘന.സെ.മീ. ആയാൽ അതിന്റെ വ്യാസത്തിന്റെ നീളം എത്ര ?

(A) 3 സെ.മീ (B) 6 സെ.മീ
(C) 9 സെ.മീ (D) 12 സെ.മീ

**5.** ഒരു ക്ലാസ്സിലെ 20 ആൺകുട്ടികളുടെ ശരാശരി ഭാരം 45 കി.ഗ്രാം. 30 പെൺകുട്ടികളുടെ ശരാശരി ഭാരം 40 കി.ഗ്രാം ആണ്. എങ്കിൽ ആ ക്ലാസ്സിലെ മുഴുവൻ കുട്ടികളുടെ ശരാശരി ഭാരമെത്ര ?

(A) 45 കി.ഗ്രാം (B) 44 കി.ഗ്രാം
(C) 43 കി.ഗ്രാം (D) 42 കി.ഗ്രാം

**6.** 6 പേർക്ക് ഒരു ജോലി ചെയ്തു തീർക്കാൻ 12 ദിവസം വേണം. എങ്കിൽ 4 പേർ എത്ര ദിവസം കൊണ്ട് ഈ ജോലി ചെയ്തു തീർക്കും ?

(A) 18 (B) 19
(C) 20 (D) 21

7. $(0.333...)^2 =$ _________

(A) 0.999...
(B) 0.222...
(C) 0.111...
(D) 0.666...

8. ഒരു നിശ്ചിത തുകയ്ക്ക് 2 വർഷത്തേക്കുള്ള കൂട്ടപലിശ 410 ₹ യും ഈ തുകയ്ക്ക് ഇതേ പലിശ നിരക്കിൽ 2 വർഷത്തേക്കുള്ള സാധാരണ പലിശ 400 ₹ യും ആണെങ്കിൽ പലിശനിരക്ക് എത്ര ?

(A) 5%
(B) 6%
(C) 10%
(D) 15%

9. $2^{100} =$ ______

(A) $2^{50} + 2^{50}$
(B) $2^{50} \times 2^{50}$
(C) $2^{50} \times 2^{4}$
(D) $2^{101} - 2$

10. ഒരാൾ 100 രൂപയ്ക്ക് 11 മാങ്ങകൾ വാങ്ങി 10 മാങ്ങകൾ 110 രൂപക്ക് വിറ്റുവെങ്കിൽ ലാഭ ശതമാനം എത്ര ?

(A) 10%
(B) 11%
(C) 20%
(D) 21%

11. $0.458 =$ _______

(A) $4 \times 10 + 5 \times 10^2 + 8 \times 10^3$
(B) $4 \times 10^{-1} + 5 \times 10^{-2} + 8 \times 10^{-3}$
(C) $4 \times 10^{-3} + 5 \times 10^{-2} + 8 \times 10^{-1}$
(D) $4 \times 10^3 + 5 \times 10^2 + 8 \times 10$

12. ഒറ്റയാനെ കണ്ടെത്തുക.

(A) 319
(B) 323
(C) 353
(D) 357

13. 2, 6, 12, 20, __, 42 .... എന്ന ശ്രേണിയിലെ വിട്ടുപോയ സംഖ്യ ഏത് ?

(A) 30
(B) 36
(C) 28
(D) 25

14. ഒരു ക്ലോക്കിൽ സമയം 6.30 ആകുമ്പോൾ മണിക്കൂർ സൂചിയും മിനുട്ടു സൂചിയും തമ്മിലുള്ള കോണളവ് എത്ര ?

(A) 10°
(B) 15°
(C) 20°
(D) 25°

15. ഒരാൾ 2 കി.മീ. വടക്കോട്ട് നടന്നതിനു ശേഷം 7 കി.മീ. കിഴക്കോട്ട് നടനു. പിന്നീട് വീണ്ടും 3 കി.മീ. വടക്കോട്ടും അവിടെ നിന്നും 5 കി.മീ. കിഴക്കോട്ടും നടന്നു. ആയാൾ ആദ്യം നിന്ന സ്ഥലത്തു നിന്നു ഇപ്പോൾ എത്ര അകലെയാണ് ?

(A) 17 കി.മീ.
(B) 15 കി.മീ.
(C) 14 കി.മീ.
(D) 13 കി.മീ.

16. 2019 ഏപ്രിൽ 15 തിങ്കളാഴ്ചയാണ്. എങ്കിൽ 2025 ഏപ്രിൽ 15 ഏത് ദിവസമായിരിക്കും ?

(A) തിങ്കൾ
(B) ചൊവ്വ
(C) ബുധൻ
(D) ഞായർ

17. 2 സംഖ്യകളുടെ തുക 15 ഉം അവയുടെ വ്യത്യാസം 1 ഉം ആയാൽ ആ സംഖ്യകളുടെ ഗുണനഫലം എത്ര ?

(A) 15
(B) 36
(C) 56
(D) 48

18. $36 \div 4 \times 3 - 9 + 2$ എത്ര ?

(A) 2
(B) 20
(C) 14
(D) 0

19. 0.01 നെ $\frac{1}{1000}$ കൊണ്ട് ഹരിച്ചാൽ കിട്ടുന്ന സംഖ്യ ഏത് ?

(A) 10
(B) 100
(C) 0.0001
(D) 0.00001

20. ഒരു ക്ലോക്കിൽ സമയം 6.45 ആകുമ്പോൾ കണ്ണാടിയിൽ അതിന്റെ പ്രതിബിംബത്തിൽ കാണിക്കുന്ന സമയം എത്ര ?

(A) 6.45
(B) 6.15
(C) 4.15
(D) 5.15

21. ചേരഭരണ കാലത്ത് 'പതവാരം' എന്നറിപ്പെട്ടിരുന്ന നികുതിയേത് ?

(A) തൊഴിൽ നികുതി
(B) ഭൂനികുതി
(C) വസ്തു നികുതി
(D) വരുമാന നികുതി

22. "മനുഷ്യന് ചില അവകാശങ്ങളുണ്ട് അതിനെ ഹനിക്കാൻ ഒരു ഗവൺമെന്റിനും അവകാശമില്ല" ഇത് ആരുടെ വാക്കുകളാണ് ?

(A) ജോൺ ലോക്ക്
(B) വോൾട്ടയർ
(C) തോമസ് പെയിൻ
(D) റൂസ്സോ

23. 1946-ൽ സ്ത്രീകളുടെ നേതൃത്വത്തിൽ 'തോൽവിങ്' സമരം നടന്ന സ്ഥലം ?

(A) കയ്യൂർ
(B) ചീമേനി
(C) കരിവെള്ളൂർ
(D) പയ്യന്നൂർ

24. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് പൂർണ്ണ സ്വരാജ് പ്രമേയം പാസ്സാക്കിയത് ഏത് സമ്മേളനത്തിൽ വെച്ചാണ് ?

(A) മദ്രാസ് 1927
(B) നാഗ്പൂർ 1920
(C) ലാഹോർ 1929
(D) കൽക്കത്ത 1920

25. സിന്ധു നദീതട സംസ്കാര കേന്ദ്രങ്ങളിലൊന്നായ കാലിബഗൻ നഗരം ഏത് നദീതീരത്തായിരിന്നു ?

(A) സിന്ധു നദി
(B) ബിയാസ്
(C) രവി
(D) ഘഗ്ഗർ

26. സിംല, ഡാർജിലിംഗ് തുടങ്ങിയ പ്രധാന സുഖവാസ കേന്ദ്രങ്ങൾ സ്ഥിതിചെയ്യുന്നത് ഉത്തര പർവ്വതമേഖലയിലെ ഏത് മലനിരയിലാണ് ?

(A) ഹിമാദ്രി
(B) ഹിമാചൽ
(C) കാരക്കോറം
(D) സിവാലിക്

27. ഇന്ത്യയിലെ ഏറ്റവും വലിയ കൽക്കരി പാടം ?

(A) ബോക്കാറോ
(B) നോർത്ത് കരൺപുര
(C) സാറിയ
(D) ഡാൽട്ടോൺ ഗഞ്ച്

28. കേരളത്തിൽ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള പശ്ചിമതീര കനാൽ ഏത് ജല പാതയുടെ ഭാഗമാണ് ?

(A) ദേശീയ ജലപാത-1
(B) ദേശീയ ജലപാത-2
(C) ദേശീയ ജലപാത-3
(D) ദേശീയ ജലപാത-4

29. വടക്കെ അമേരിക്കയുലെ റോക്കി പർവ്വതനിരയുടെ കിഴക്കൻ ചരിവിലൂടെ വീശുന്ന കാറ്റേത് ?

(A) ചിനുക്ക്
(B) ഹർമാറ്റൻ
(C) ഫോൻ
(D) ലൂ

30. മൺസൂണിന്റെ രൂപം കൊള്ളലിന് കാരണമാകാത്ത ഘടകമേത് ?

(A) സൂര്യന്റെ അയനം
(B) കോറിയോലിസ് പ്രഭാവം
(C) തപനത്തിലെ വ്യത്യാസം
(D) ഘർഷണം

31. കേരളത്തിൽ ത്രിതല പഞ്ചായത്ത് നിയമം നിലവിൽ വന്നത് ?

(A) 1994 ഏപ്രിൽ 23
(B) 1993 ഏപ്രിൽ 24
(C) 1992 ഏപ്രിൽ 23
(D) 1994 ഏപ്രിൽ 24

32. ഏറ്റവും കൂടുതൽ ബ്ലോക്ക് പഞ്ചായത്തുകൾ ഉള്ള ജില്ല ?

(A) തിരുവനന്തപുരം
(B) തൃശൂർ
(C) മലപ്പുറം
(D) കോഴിക്കോട്

33. അഴിമതി തടയുന്നതിനായി ദേശീയ തലത്തിൽ 1964-ൽ രൂപം നൽകിയ സ്ഥാപനമേത് ?

(A) ലോക്പാൽ
(B) ഓംബുഡ്സ്മാൻ
(C) ലോകായുക്ത
(D) സെൻട്രൽ വിജിലൻസ് കമ്മീഷൻ

34. പാർലമെന്റിന്റെ സംയുക്ത സമ്മേളനത്തിൽ അധ്യക്ഷത വഹിക്കുന്നതാര് ?

(A) രാഷ്ട്രപതി
(B) ഉപരാഷ്ട്രപതി
(C) ലോകസഭാ സ്പീക്കർ
(D) പ്രധാനമന്ത്രി

35. രാജ്യസഭാംഗമാകാനുള്ള കുറഞ്ഞ പ്രായപരിധി ?

(A) 30
(B) 35
(C) 25
(D) 18

36. 'വനിതാശാക്തീകരണം ഇന്ത്യയുടെ ശാക്തീകരണം' എന്നത് ഏത് ബാങ്കിന്റെ മുദ്രാ വാക്യമാണ് ?

(A) മുദ്രാ ബാങ്ക്
(B) എക്സിം ബാങ്ക് ഓഫ് ഇന്ത്യ
(C) മഹിളാ ബാങ്ക്
(D) വികസന ബാങ്ക്

37. 'സുവർണ നാര്' എന്നറിയപ്പെടുന്ന ഉല്പന്നം ഏത് ?

(A) പരുത്തി
(B) പട്ടുനൂൽ
(C) ചണം
(D) ചകരിനാര്

38. 'തിലോത്തമ' ഏത് കാർഷിക വിളയുടെ ഇനമാണ്

(A) ഇഞ്ചി (B) എള്ള്

(C) കുരുമുളക് (D) ഏലം

39. ഗാർഡൻ റീച്ച് കപ്പൽ നിർമ്മാണശാല സ്ഥിതി ചെയ്യുന്നത് ?

(A) മുംബൈ (B) മർമ്മഗോവ

(C) കൊൽക്കത്ത (D) വിശാഖപട്ടണം

40. 'സ്റ്റീൽസിറ്റി' എന്നറിയപ്പെടുന്ന നഗരം ?

(A) ജാംഷഡ് പൂർ (B) ദുർഗാപൂർ

(C) ജയ്പൂർ (D) കാൺപൂർ

41. 1964-ൽ റഷ്യയുടെ സാങ്കേതിക സഹായത്തോടെ ആരംഭിച്ച ഇരുമ്പുരുക്ക് വ്യവസായ ശാല ?

(A) റൂർക്കല (B) ബൊക്കാറോ

(C) ദുർഗാപൂർ (D) ഭിലായ്

42. ആൽഗകളെ കുറിച്ചുള്ള പഠനമാണ് ?

(A) ആന്ത്രപ്പോളജി (B) ആന്തോളജി

(C) മക്കോളജി (D) ഫൈക്കോളജി

43. രക്തം കട്ടപിടിക്കാൻ സഹായിക്കുന്ന പ്ലാസ്മ പ്രോട്ടീൻ ?

(A) ആൽബുമിൻ (B) ഫൈബ്രിനോജൻ

(C) ഗ്ലോബുലിൻ (D) കാത്സ്യം അയേണുകൾ

44. വെള്ളത്തിൽ ലയിക്കുന്ന വൈറ്റമിൻ ഏത് ?

(A) വൈറ്റമിൻ C (B) വൈറ്റമിൻ A

(C) വൈറ്റമിൻ B (D) വൈറ്റമിൻ D

45. കശുവണ്ടി ഗവേഷണ കേന്ദ്രം സ്ഥിതിചെയ്യുന്ന സ്ഥലം ?

(A) ആനക്കയം (B) കാക്കഞ്ചേരി

(C) ഉടമ്പന്നൂർ (D) നിലമ്പൂർ

46. ശരീരത്തിൽ ഏറ്റവും കൂടുതൽ അമോണിയ ഉല്പാദിപ്പിക്കുന്ന അവയവമേത് ?

(A) ത്വക്ക് (B) വൃക്കകൾ

(C) കരൾ (D) ഹൃദയം

47. റോക്കറ്റിൽ ഇന്ധനമായി ഉപയോഗിക്കുന്നതേത് ?
(A) ദ്രവ അമോണിയ
(B) പെട്രോളിയം
(C) ദ്രവ ഹൈഡ്രജൻ
(D) ദ്രവ ഓക്സിജൻ

48. രാസോർജ്ജം വൈദ്യുതോർജ്ജമാക്കുന്ന തേത് ?
(A) മോട്ടോർ
(B) ജനറേറ്റർ
(C) ബാറ്ററി
(D) ബൾബ്

49. താഴെ പറയുന്നതിൽ ഏതിലാണ് തന്മാത്രകൾക്ക് ഏറ്റവും കൂടുതൽ ഗതികോർജ്ജ മുള്ളത് ?
(A) വാതകങ്ങളിൽ
(B) ദ്രാവകങ്ങളിൽ
(C) ലായനികളിൽ
(D) ഘരങ്ങളിൽ

50. ഉയരം കൂടുന്നതിനനുസരിച്ച് അന്തരീക്ഷ മർദ്ദം കുറഞ്ഞു വരുന്നു ഏകദേശം 10 മീറ്റർ ഉയരത്തിന് എത്രതോതിലാണ് മർദ്ദം കുറയുന്നത് ?
(A) 2 മില്ലിബാർ
(B) 1 മില്ലിബാർ
(C) 1.5 മില്ലിബാർ
(D) 2.5 മില്ലിബാർ

51. സൗരയൂഥത്തിൽ ഏറ്റവും സാന്ദ്രത കൂടിയ ഗ്രഹം ഏത് ?
(A) ഭൂമി
(B) ശനി
(C) വ്യാഴം
(D) ശുക്രൻ

52. ഇന്ത്യൻ ഭരണഘടനയുടെ ആണിക്കല്ല് എന്ന് അറിയപ്പെടുന്നത് ?
(A) ആമുഖം
(B) നിർദ്ദേശക തത്വങ്ങൾ
(C) മൗലികാവകാശങ്ങൾ
(D) മൗലികകർത്തവ്യങ്ങൾ

53. ഭരണഘടനയിൽ വകുപ്പ് 324 പ്രതിപാദിക്കുന്നത് എന്തിനെ കുറിച്ചാണ് ?
(A) പബ്ലിക്ക് സർവീസ് കമ്മീഷൻ
(B) തിരഞ്ഞെടുപ്പ് കമ്മീഷൻ
(C) ധനകാര്യ കമ്മീഷൻ
(D) സംസ്ഥാനങ്ങളിൽ രാഷ്ട്രപതിഭരണം

54. അന്യായമായി തടവിൽ പാർപ്പിച്ചിരിക്കുന്ന ഒരാളെ സ്വാതന്ത്രമാക്കുന്നതിനുള്ള റിട്ടാണ് ?
(A) മാൻഡമാസ്
(B) സെർഷ്യോറ്റി
(C) ഹേബിയസ് കോർപ്പസ്
(D) പ്രോഹിബിഷൻ

55. “നിങ്ങൾ രാഷ്ട്രീയത്തിൽ സജീവമായി ഇടപെടാതിരിക്കുന്നതിന്റെ പരിണിതഫലം നിങ്ങളെക്കാൾ മോശമായവർ നിങ്ങളെ ഭരിക്കുമെന്നതാണ് ” ആരുടെ വാക്കുകളാണിത് ?

(A) പ്ലാറ്റോ (B) അരിസ്റ്റോട്ടിൽ
(C) റൂസ്സോ (D) വോൾട്ടയർ

56. ചുവടെ നൽകിയുട്ടുള്ളതിൽ ലാറ്ററേറ്റ് മണ്ണ് രൂപം കൊള്ളുന്ന പ്രദേശം ഏത് ?

(A) നദികളുടെ നിക്ഷേപണത്തിലൂടെ രൂപപ്പെടുന്ന സമതല പ്രദേശം
(B) മരുഭൂമി പ്രദേശം
(C) മൺസൂൺ മഴയും ഇടവിട്ട് ഉഷ്ണവും അനുഭവപ്പെടുന്ന പ്രദേശം
(D) അഗ്നേയ ശിലകളാൽ നിർമ്മിതമായ പ്രദേശം

57. ഭിന്ന ശേഷി ഉള്ളവർക്കായി ഐ.ടി. പാർക്ക് നിർമ്മിച്ച ആദ്യ ഇന്ത്യൻ സംസ്ഥാനം ?

(A) തെലുങ്കാന (B) കേരളം
(C) ആന്ധ്രാപ്രദേശ് (D) കർണ്ണാടകം

58. 2018-ൽ തായലന്റിലെ ഗുഹയിൽ കുടുങ്ങിയത് ഏത് ഫുട്ബോൾ ടീമിലെ കുട്ടികളാണ് ?

(A) ബിയർ കാറ്റ്സ് (B) വൈൽഡ് ബോർ
(C) ബാൽട്രിമോർ റാവൻസ് (D) ചിക്കാഗോ ബിയേർസ്

59. ചുവടെ കൊടുത്തിരിക്കുന്നതിൽ കൂട്ടത്തിൽ പെടാത്തത് ഏത് ?

(A) തൂത്തുക്കുടി (B) വിശാഖപട്ടണം
(C) പാരദ്വീബ് (D) നെവാ ഷേവ

60. ‘ഭീമ’ ഏത് നദിയുടെ പോഷക നദിയാണ് ?

(A) കാവേരി (B) ഗോദാവരി
(C) കൃഷ്ണ (D) മഹാനദി

61. മരത്തിന്റെ പേരിൽ അറിയപ്പെടുന്ന വന്യജിവി സങ്കേതം ?

(A) തോൽപെട്ടി (B) ചെന്തുരുണി
(C) മുത്തങ്ങ (D) പീച്ചി

62. ‘ജാതിക്കുമ്മി’ ആരുടെ കൃതിയാണ് ?

(A) ചട്ടമ്പി സ്വാമികൾ (B) പണ്ഡിറ്റ് കറുപ്പൻ
(C) അയ്യങ്കാളി (D) വൈകുണ്ഠ സ്വാമികൾ

**63.** 'ഉദയഭൂമി' ആരുടെ സമാധിസ്ഥലം ?

(A) കെ.ആർ. നാരായണൻ (B) എസ്.ഡി. ശർമ്മ

(C) രാജീവ് ഗാന്ധി (D) മൊറാർജി ദേശായ്

**64.** ഭർത്താവില്ലാത്ത സ്ത്രീകൾക്കും പിന്നാക്ക അവസ്ഥയിൽ ഉള്ള സ്ത്രീകൾകും വേണ്ടി സംസ്ഥാന തൊഴിൽ വദുപ്പ് ആരംഭിച്ച പദ്ധതി ഏത് ?

(A) കൈവല്യം (B) ജീവനം

(C) സ്നേഹപൂർവ്വം (D) ശരണ്യ

**65.** 941 ദിവസം തുടർച്ചയായി പ്രവർത്തിച്ച് ലോകറെക്കോർഡ് നേടിയ ഇന്ത്യയിലെ ആണവനിലയം ഏത് ?

(A) കൈഗ (B) കാക്രംപാറ

(C) കൽപ്പാക്കം (D) നെറോറ

**66.** സെൻട്രൽ ട്രൈബൽ യൂണിവേഴ്സിറ്റി നിലവിൽ വരുന്ന സംസ്ഥാനം ഏത് ?

(A) കേരളം (B) അരുണാചൽ പ്രദേശ്

(C) ആന്ധ്രാ പ്രദേശ് (D) പശ്ചിമ ബംഗാൾ

**67.** ജനസംഖ്യാ ദിനമായി ആചരിക്കുന്നത് ?

(A) ജൂൺ 5 (B) ജൂലായ് 11

(C) സെപ്തംമ്പർ 16 (D) ഫെബ്രുവരി 2

**68.** അന്താരാഷ്ട്ര വേദിയിൽ ഇന്ത്യയുടെ ത്രിവർണ്ണ പതാക ആദ്യമായി ഉയർത്തിയ വ്യക്തി ആര് ?

(A) മാഡം ബിക്കാജി കാമ (B) ആനിബസന്റ്

(C) ലാലാ ലജ്പത് റായ് (D) മഹാത്മാ ഗാന്ധി

**69.** 0° രേഖാംശ രേഖയിൽ (ഗ്രീൻവിച്ച്) രാവിലെ 10 മണി ആയിരിക്കുമ്പോൾ 82½° രേഖാംശത്തിൽ (ഇന്ത്യ) സമയം എത്രയായിരിക്കും ?

(A) 3.00 pm (B) 3.30 pm

(C) 5.00 am (D) 4.30 am

**70.** ഏറ്റവും കൂടുതൽ രാജ്യങ്ങളുമായി അതിർത്തി പങ്കിടുന്ന ഏഷ്യൻ രാജ്യം ?

(A) ഇന്ത്യ (B) പാക്കിസ്ഥാൻ

(C) ചൈന (D) അഫ്ഘാനിസ്ഥാൻ

**Choose the correct answer :**

**71.** Have you told him about _______ accident ?

(A) an
(B) a
(C) the
(D) to

**72.** I would not accept the offer if I _______ you.

(A) am
(B) was
(C) had been
(D) were

**73.** He was accompanied _______ his wife.

(A) beside
(B) by
(C) with
(D) along

**74.** This is the boy _______ won the gold medal.

(A) who
(B) which
(C) whose
(D) whom

**75.** The antonym of 'pride' is _______.

(A) dirty
(B) humid
(C) rough
(D) hot

**76.** I have lost my _______ of keys.

(A) collection
(B) group
(C) bunch
(D) piece

**77.** Meaning of 'senicide' is _______.

(A) killing of friend
(B) killing a modernist
(C) killing an enemy
(D) killing an old man

**78.** India won the match. Change this into passive.

(A) The match had been won by India.
(B) India had won the match.
(C) The match was won by India.
(D) The match is being won by India.

**79.** I am always ________ trouble with my neighbours.

(A) has
(B) have
(C) being
(D) having

**80.** Either you or she ________ got the box.

(A) have
(B) has
(C) does not
(D) had

**81.** I ________ my grand father's house in those days.

(A) had to visit
(B) will visit
(C) used to
(D) being visited

**82.** A man whose wife is dead is called ________

(A) widower
(B) widow
(C) bachelor
(D) stranger

**83.** "I don't like the tea." he said. Change this sentence into indirect speech.

(A) He said that he do not like the tea.
(B) He said that he didn't like the tea.
(C) He said that he doesn't like tea.
(D) He said that he had not liked the tea.

**84.** Her mother ________ last year.

(A) went away
(B) passed away
(C) moved away
(D) set away

**85.** Few people knew the answer, ________ ?

(A) don't they ?
(B) didn't they ?
(C) do they ?
(D) did they ?

**86.** He is the ________ of the three brothers.

(A) richest
(B) more rich
(C) rich
(D) richer

**87.** Although it was cloudy, we ________ for a walk.

(A) go
(B) will be going
(C) went
(D) had gone

**88.** Find out the correctly spelt word :

(A) massacer
(B) massecre
(C) masacre
(D) massacre

**89.** The noise caused all the neighbours to ________.

(A) go nuts
(B) bail out
(C) miss the boat
(D) move the goal posts

**90.** The chief guest gave ________ the prize.

(A) over
(B) out
(C) to
(D) away

91. ഗൃഹസ്ഥൻ എന്ന പദത്തിന്റെ എതിർലിംഗം എഴുതുക.

(A) ഗ്രഹസ്ഥി (B) ഗ്രഹനായിക

(C) ഗ്രഹസ്ഥ (D) ഗൃഹിണി

92. Presence of mind എന്നതിന്റെ മലയാള പദം

(A) മനസ്സുണ്ടാവുക (B) മനസ്സിലാക്കുക

(C) മനസ്സാന്നിധ്യം (D) മാനസീക നില

93. വിചാരിച്ചത് കിട്ടിയില്ലെങ്കിൽ, കിട്ടിയതുകൊണ്ട് തൃപ്തിപെട്ടുക എന്ന അർത്ഥം വരുന്ന ശൈലി ഏത് ?

(A) ഉരുളക്ക് ഉപ്പേരി (B) മീൻ തൊട്ടുക്കൂട്ടുക

(C) ഇന്ദുലേഖയില്ലെങ്കിൽ ദാസി (D) മിന്നുന്നതെല്ലാം പൊന്നല്ല

94. ശഷ്പം എന്ന പദത്തിന്റെ അർത്ഥം എന്ത് ?

(A) ഭൂമി (B) ഇളമ്പുല്ല്

(C) ശരീരം (D) ദു:ഖം

95. അത്യന്തം എന്ന പദം പിരിച്ചെഴുതുമ്പോൾ കിട്ടുന്നത്.

(A) അതി + യന്തം (B) അത്യ + അന്തം

(C) അത് + അന്തം (D) അതി + അന്തം

96. ശരിയായ പദമേത് ?

(A) വിധുഷി (B) വിദൃഷി

(C) വിദുഷ (D) വിധൃഷ

97. സഹജം എന്ന പദത്തിന്റെ വിപരീത പദം.

(A) ആർജ്ജിതം (B) പരജിതം

(C) ആജിതം (D) പരാർജിതം

98. കണ്ണുകാണാത്തവൻ എന്ന വാക്കിന്റെ ഒറ്റപ്പദം കണ്ടെത്തുക.

(A) അന്ധൻ (B) ബധിരൻ

(C) മൂകൻ (D) വിധുരൻ

99. ശരിയായത് തെരെഞ്ഞെടുക്കുക.

(A) അനുദിനം വർധിക്കുന്ന ജനസംഖ്യയെ തീറ്റി പ്പോറ്റുക.

(B) അനുദിനം വർധിക്കുന്ന ജനത്തെ തീറ്റി പ്പോറ്റുക.

(C) അനുദിനം വർധിക്കുന്ന ജനം സംഖ്യയെ തീറ്റിപ്പോറ്റുക.

(D) ജനസംഖ്യ അനുദിനം വർധിക്കുന്നതിനെ തീറ്റിപ്പോറ്റുക.

100. കടങ്കഥയ്ക്ക് ഉത്തരം കണ്ടെത്തുക.

വെള്ളയപ്പത്തിനിരുമ്പുചട്ടി
വെള്ളത്തിലാരു കമഴ്ത്തിയിട്ടു
താന്നുപോകില്ലീയിരുമ്പുചട്ടി
കാണാമതിലോ വെളുത്ത ചുട്ടി

(A) ആമ (B) ഓന്ത്

(C) പരുന്ത് (D) തവള

**SPACE FOR ROUGH WORK**

**SPACE FOR ROUGH WORK**